**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 360** **22-02-2022 - ൽ മറുപടിയ്ക്ക്**

**ഭൂ-ഭവന രഹിതർക്ക് ഭൂമി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ കെ വിജയൻ,<br>ശ്രീ ജി എസ് ജയലാൽ ,<br>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ ,<br>ശ്രീ. പി. ബാലചന്ദ്രൻ | | Shri M. V. Govindan Master<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | ലൈഫ് പദ്ധതിയുടെ ഭാഗമായി ജനകീയ പങ്കാളിത്തത്തോടെ ഭൂരഹിതർക്ക് ഭൂമി ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ലൈഫ് പദ്ധതിയുടെ ഭാഗമായി ജനകീയ പങ്കാളിത്തത്തോടെ ഭൂരഹിതർക്ക് ഭൂമി ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ലൈഫ് മിഷന്റെ മൂന്നാം ഘട്ടത്തിൽ ഭൂരഹിത ഭവനരഹിതരായവർക്ക് ഭൂമിയും വീടും ലഭ്യമാക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. പദ്ധതിയുടെ ഭാഗമായി 'മനസ്സോടിത്തിരി മണ്ണ്' എന്ന ക്യാമ്പയിൻ ആരംഭിച്ചിട്ടുണ്ട്. ഭൂരഹിതർക്ക് ഭൂമി ലഭ്യമാക്കുന്നതിന് സുമനസ്സുകളായ പൊതുജനങ്ങൾ, വ്യാപാരി വ്യവസായികൾ, പ്രവാസികൾ, സന്നദ്ധസംഘടനകൾ, കോർപ്പറേറ്റ് സ്ഥാപനങ്ങൾ മുതലായവരുടെ സജീവ പങ്കാളിത്തം ആവശ്യമാണ്. ഇതിനുവേണ്ടിയാണ് 'മനസ്സോടിത്തിരി മണ്ണ്'എന്ന ക്യാമ്പയിൻ ആരംഭിച്ചിട്ടുള്ളത്. |
| (ബി) | ലൈഫ് പദ്ധതിയുടെ ഭാഗമായി ഭൂ-ഭവന രഹിതർക്ക് ഭൂമി ലഭ്യമാക്കുവാൻ ആരംഭിച്ച മനസ്സോടിത്തിരി മണ്ണ് ക്യാമ്പയിനിന്റെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ബി) | 'മനസ്സോടിത്തിരി മണ്ണ്' എന്ന ക്യാമ്പയിന്റെ ഭാഗമായി സംസ്ഥാന/ ജില്ലാ/ തദ്ദേശസ്ഥാപന തലങ്ങളിൽ സമിതികൾ രൂപീകരിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ക്യാമ്പയിൻ ആരംഭിച്ചതിനുശേഷം 2 പേർ സൗജന്യമായി ഭൂമി ലഭ്യമാക്കുകയും ഒരു വ്യക്തിയും ഒരു സ്ഥാപനവും ഭൂമി ദാനമായി നൽകുന്നതിന് രേഖാമൂലം സന്നദ്ധത അറിയിക്കുകയുമുണ്ടായി. |
| (സി) | ലൈഫ് പദ്ധതിയുടെ ഗുണഭോക്താക്കളിലേക്ക് സർക്കാരിന്റെ ക്ഷേമ പദ്ധതികളുടെ പ്രയോജനം പൂർണതോതിൽ എത്തുന്നു എന്ന് ഉറപ്പുവരുത്താൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ; | (സി) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ലൈഫ് ഗുണഭോക്താക്കളുടെ കുടുംബ സംഗമവും അദാലത്തും നടത്തിയിരുന്നു. പ്രസ്തുത അദാലത്തിലൂടെ സർക്കാർ ക്ഷേമ പദ്ധതികളുടെ പ്രയോജനം ഗുണഭോക്താക്കളിൽ എത്തിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിരുന്നു. തുടർന്നും ഈ സർക്കാരിന്റെ കാലത്തും ഇത്തരം അദാലത്തുകളും സംഗമവും സംഘടിപ്പിക്കുന്നതാണ്. |

| | | | |
|---|---|---|---|
| (ഡി) | ലൈഫ് പദ്ധതി പ്രകാരം നിർമ്മാണം ആരംഭിച്ചതും നിർമ്മാണത്തിന്റെ വിവിധഘട്ടങ്ങളിലുള്ളതുമായ വീടുകൾ പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (ഡി) | ലൈഫ് പദ്ധതി പ്രകാരം നിർമ്മാണം ആരംഭിച്ചതും നിർമ്മാണത്തിന്റെ വിവിധഘട്ടങ്ങളിലുള്ളതുമായ വീടുകൾ പൂർത്തീകരിക്കുന്നതിന് ധനസഹായം നൽകുന്നതിനായി ഹഡ്കോയിൽ നിന്നും വായ്പ അനുവദിച്ചതിൽ തുടർനടപടികൾ കൈക്കൊണ്ടുവരികയുമാണ്. |

സെക്ഷൻ ഓഫീസർ